**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5751** **08-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനും പുനരുദ്ധാരണത്തിനുമായി 248.79 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഒരു സമഗ്ര പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഹ്രസ്വകാല ദീർഘകാല ലക്ഷ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് രണ്ട് തരത്തിലുള്ള കർമ്മ പദ്ധതികളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിൽ നിന്നും ലാഭത്തിലേക്ക് കൊണ്ടു വരുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്. ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ മേഖലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടുമാണ് സമഗ്രമായ മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത്. മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഓരോ കമ്പനിയുടേയും പ്രവർത്തനങ്ങളും പ്രത്യേകമായി അവലോകനം ചെയ്തും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകിയും പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമമാക്കികൊണ്ട് പുനരുദ്ധരിക്കുന്നതിനും നഷ്ടം കുറച്ച് ലാഭകരമാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. മാസ്സർ പ്ലാനിന്റെ ഭാഗമായി കയറ്റുമതി സാധ്യതകളും വിലയിരുത്തിക്കൊണ്ടുള്ള പദ്ധതികൾക്കാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിൻറെ ഭാഗമായുള്ള പരിശീലന പരിപാടികൾ കമ്പനി |

| | | | |
|---|---|---|---|
| | | | തലത്തിലും റിയാബ് മുഖേനയും നടത്താറുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിങ് ഡയറക്ടർമാർക്ക് മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർക്ക് കോഴിക്കോട് ഐ.ഐ.എം ൽ മാനേജ്മെന്റ് ഡെവല്പ്മെന്റ് പ്രോഗ്രാമിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ